അഞ്ചുതെങ്ങ്-തീരപ്രദേശ പോലീസ് സ്റ്റേഷനായി അംഗീകരിക്കാൻ നടപടി

66(396) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പോലീസ് സ്റ്റേഷൻ തീരദേശ പോലീസ് സ്റ്റേഷനായി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അനന്തര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് എന്തൊക്കെ സവിശേഷതകളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ തുടർനടപടികൾക്ക് വേഗം കൂട്ടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങിൽ പുതുതായി തീരദേശ പോലീസ് സ്റ്റേഷൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പുതുതായി കെട്ടിടവും ബോട്ടുകളും മറ്റ് വാഹനങ്ങളും ആവശ്യമായ തസ്തികകളുമാണ് ലഭ്യമാക്കുന്നത്.

(ഡി) നടപടികൾ ത്വരിതഗതിയിലാണ് നടന്നുവരുന്നത്.

പെരുമാതുറ-മാടൻവിള പ്രദേശംകൂടി ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി

67(397) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമാതുറ-മാടൻവിള പ്രദേശംകൂടി ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് ഉണ്ടാകുന്ന കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഇതിന്റെ കാലതാമസം മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ;

(ഡി) എത്രനാളിനകം പ്രസ്തുത വിഷയത്തിന്മേൽ പരിഹാരം ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) ഇത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly